(ഡി) സർക്കാർ നിയന്ത്രണത്തിലുള്ള നാറ്റ്പാക് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

**ആരാധനാലയങ്ങൾ ചേർന്ന് പിൽഗ്രിം ടൂറിസ്റ്റ് സെന്റർ**

306(4593) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല താലൂക്കിലെ അർത്തുങ്കൽ പള്ളി, കളവംകോട്ടം ക്ഷേത്രം, തന്നിപ്പള്ളി, പള്ളിപ്പുറം മാട്ടേൽ പള്ളി, കൊക്കോതമംഗലം പള്ളി, പള്ളിപ്പുറം സെന്റ് മേരിസ് ഫെറോന പള്ളി എന്നീ ആരാധനാലയങ്ങൾ ചേർന്ന് ഒരു പിൽഗ്രിം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക്**

307(4594) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചു; എന്നാണ് അനുവദിച്ചു നൽകിയത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാർക്കിനായി എത്ര തുക മൊത്തം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ; പ്രസ്തുത ആവശ്യത്തിനായി പാലക്കാട് ഡി.റ്റി.പി.സി.-ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എത്രത്തോളം പൂർത്തീകരിച്ചു കഴിഞ്ഞു; വിശദാംശം നൽകാമോ;

(ഡി) എത്ര ജോലികൾ അവശേഷിക്കുന്നുണ്ട്; എന്തെല്ലാമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly